ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു

(സി) മൂന്നു ബ്ലോക്കു പഞ്ചായത്തുകളെ സംബന്ധിച്ച പരാതിയിൻമേൽ അന്വേഷണം നടക്കുന്നുണ്ട്. അന്വേഷണറിപ്പോർട്ട് ലഭ്യമായതിനു ശേഷം ഇതിൻമേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ജനകീയാസൂത്രണ പരിപാടികൾ സംബന്ധിച്ച ചെലവുകളുടെ ആഡിറ്റിംഗ്

83 (1444) ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. നാലകത്തു സൂപ്പി :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ജനകീയാസൂത്രണ പരിപാടികൾ സംബന്ധിച്ച ചെലവുകൾ ഉൾപ്പെടെയുള്ള കണക്കുകൾ പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും ആഡിറ്റിംഗിന് സമർപ്പിക്കേണ്ടത് എപ്പോഴാണ്;

(ബി) ഈ കണക്കുകൾ സമർപ്പിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഇതനുസരിച്ച് കണക്കുകൾ സമർപ്പിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന്റെ ചുമതല ആർക്കാണ്;

(ഡി) കാലപരിധി കഴിഞ്ഞിട്ടും കണക്കുകൾ ബന്ധപ്പെട്ടവർ സമർപ്പിക്കുന്നില്ലെങ്കിൽ അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ലോക്കൽ ഫണ്ട് ആഡിറ്റ് നിയമം അനുസരിച്ച് സാമ്പത്തിക വർഷം അവസാനിച്ച് നാലു മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതായുണ്ട്.

(ബി) ഉണ്ട്.

(സി) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർക്ക്.

(ഡി) 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ സെക്ഷൻ 9(2) പ്രകാരം നിയമ നടപടികൾ സ്വീകരിക്കുവാൻ ഓഫീസ് മേധാവികൾക്ക് അധികാരം നൽകിയിട്ടുണ്ട്.

പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളിലെ ഓഡിറ്റ്

84 (1445) ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly